# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6952 13.07.2012 - ൽ മറുപടിക്ക്

## കാലപ്പഴക്കം ചെന്ന ശുദ്ധജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ മിക്ക ശുദ്ധജല വിതരണ പദ്ധതികളുടേയും പൈപ്പുകൾ ഏകദേശം 30 വർഷത്തിലേറെ പഴക്കമുള്ള വയാണെന്നും അവ മാറ്റി ഘട്ടം ഘട്ടമായി പുതിയവ സ്ഥാപിക്കുമെന്നും ഇതിനായി 85 കോടി രൂപ വകയിരുത്തു മെന്നും 2012-13 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന സാഹച ര്യത്തിൽ ഏതെല്ലാം ജില്ലക ളെയാണ് ഇതിനായി ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്തി ട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) എപ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്ത മാക്കുമോ; | (എ) & (ബി) പഴയ പൈപ്പുകൾ മാറ്റി ഘട്ടം ഘട്ടമായി പുതിയവ സ്ഥാപി ക്കാനായി 85 കോടി രൂപ 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാഹചര്യ ത്തിൽ എല്ലാ ജില്ലകളിൽ നിന്നും പദ്ധതി തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളി ലെ കുടിവെള്ള പദ്ധതിയെ ഇതിനായി തെരഞ്ഞെടുത്തി ട്ടുണ്ടെന്നുള്ള വിവരം ലഭ്യമാ ക്കുമോ ? | (സി) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളെ ഇതിനായി തെരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ